DESPATCHED
On 05/12/22
10/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2625*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17912***എസ്.ഐ.സി-ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പ്രേംജിത്ത് കെ.,
സുജിഷ്ണ നിവാസ്,
കോവൈ റോഡ്, വേലന്താവളം പി.ഒ.,
പാലക്കാട്. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   തപാൽ സെക്ഷൻ, കളക്ടറേറ്റ്,
   പാലക്കാട്.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി കളക്ടർ (ജനറൽ),
   ജില്ലാ കളക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ, പാലക്കാട് – 678 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.09.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.10.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.10.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.11.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.11.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 23.11.2015 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പ്രേംജിത്ത് കെ,

14.11.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 23.11.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2625(2)/15** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടികൾ തൃപ്തികരമല്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 09.09.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, **dcpkd@kerala.nic.in** എന്ന ഇ-മെയിലിലേയ്ക്ക് കളക്ടറേറ്റുമായി ബന്ധപ്പെട്ട ടിയാന്റെ പരാതികൾക്കും നിവേദനങ്ങൾക്കും യാതൊരു പ്രതികരണവും ലഭിക്കാത്തതുകൊണ്ടും ടി വിഷയം നേരിട്ട് ഉത്തരവാദിത്വപ്പെട്ട അധികാരിയോട് **(Confidential Assistant)** ചോദിച്ചതിൽ കൃത്യമായ മറുപടി ലഭിക്കാത്തതുകൊണ്ടും വിവരാവകാശ നിയമം 2005 പ്രകാരമുള്ള ടിയാന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകണമെന്നാണ്. ആയതിന് 03.10.2015ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 16.10.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 13.11.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാന്റെ അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ടും ആയതു സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ സഹിതം സമർപ്പിക്കുവാൻ എസ്.പി.ഐ.ഒ. (തപാൽ സെക്ഷൻ) ക്ക് നിർദ്ദേശം നൽകിയെന്നുമാണ്. ഹർജിക്കാരന് നൽകിയ മറുപടിയുടെ പകർപ്പും കേസിൽ സമർപ്പിച്ച നടപടിയുടെ പകർപ്പും എസ്.പി.ഐ.ഒ. റിപ്പോർട്ടു സഹിതം ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്. അപ്പീൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരന് ആക്ഷേപങ്ങൾ ബോധിപ്പിക്കാനുള്ള പക്ഷം 11.11.2015ന് ഉച്ചക്കുശേഷം 2 മണിക്ക് അപ്പീൽ അധികാരി& ഡെപ്യൂട്ടി കളക്ടർ(ജനറൽ) മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകിയതിനെ തുടർന്ന് പ്രസ്തുത ദിവസം ടിയാൻ ഹാജരാകുകയും എസ്.പി.ഐ.ഒ. നൽകിയ  മറുപടിയിൽ ഫയൽ നമ്പർ കാണി

ച്ചിട്ടില്ലെന്നും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാനും ഹർജിക്കാരൻ വിചാരണയിൽ ആവശ്യപ്പെടുകയും അപ്പീൽ ഹർജിയും നേർവിചാരണ സ്റ്റേറ്റ്മെന്റും എസ്.പി.ഐ.ഒ. യുടെ റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതു പ്രകാരം ബന്ധപ്പെട്ട ഫയൽ നമ്പർ 10 ദിവസത്തിനകം ഹർജിക്കാരന് നൽകേണ്ടതാണെന്നും കൂടാതെ ഹർജിക്കാരന് ആവശ്യമുള്ള പക്ഷം ഫയലുകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ മനസ്സിലാക്കുന്നതിനും എസ്.പി.ഐ.ഒ. സൗകര്യം ചെയ്തുകൊടുക്കണമെന്ന തീരുമാനത്തോടുകൂടി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് അധികാരികൾ നൽകിയ മറുപടികളിലും വിവരാവകാശ നിയമപ്രകാരമുള്ള നടപടിക്രമങ്ങളിലും ആക്ഷേപമുള്ളതായാണ് അറിയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ ഹർജിക്കാരന് 10 ദിവസത്തിനകം വിശദമായ മറുപടി നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ അപേക്ഷകനു ഫയൽ പരിശോധിക്കുന്നതിനുള്ള അവസരം നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)